**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 131** **15-03-2022 - ൽ മറുപടിയ്ക്ക്**

**റെയിൽവേ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള റെയിൽവേ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികൾ അനുവദിക്കുന്നതിനും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; അതിൻപ്രകാരം പുതിയ ട്രെയിനുകൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ആവശ്യപ്പെട്ടിരുന്നു. സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ (പുതിയ പാത നിർമ്മാണം, പാത ഇരട്ടിപ്പ്, സ്റ്റേഷൻ വികസനം) പുരോഗതിയ്ക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഇടപെടലുകൾ യഥാസമയം നടത്തിവരുന്നുണ്ട്. റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിനുമായി സംസ്ഥാന മുഖ്യമന്ത്രി ബഹു.പ്രധാന മന്ത്രിയുമായും, സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും, ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും ചർച്ചകൾ നടത്തി വരാറുണ്ട്. ഇതോടൊപ്പം തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു. പ്രധാന മന്ത്രിയുമായി, 13.07.2021 ന് കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. റെയിൽവേയുടെ ചുമതലയുള്ള മന്ത്രി 29.09.2021 ൽ സതേൺ റെയിൽവെ ജനറൽ മാനേജരുമായി നടത്തിയ ചർച്ചയിലും റെയിൽവെ വികസനവും പദ്ധതികളുമൊക്കെ ഉൾപ്പെടുത്തിയിരുന്നു. സംസ്ഥാന ചീഫ് സെക്രട്ടറി ദക്ഷിണ റെയിൽവേ ജനറൽമാനേജറുമായി 26.07.2021 നും 03.12.2021 നും റെയിൽവേ വികസന പദ്ധതികൾ അവലോകനം ചെയ്യുന്നതിനു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനമനുസരിച്ചുള്ള പുരോഗമന പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ തന്നെ ബഹു. സംസ്ഥാന മുഖ്യമന്ത്രി റെയിൽ പദ്ധതി അവലോകനം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനായി ഒരു ഉന്നതതല മീറ്റിംഗും നടത്തുകയുണ്ടായി. ഇതു കൂടാതെ, റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും ഗതാഗത വികസനത്തിനും മുതൽക്കൂട്ടാകുന്ന (സർക്കാരിന്റെയും റെയിൽവേയുടേയും സംയുക്ത സംരംഭമായ) കെ-റെയിൽ വിഭാവനം ചെയ്യുന്ന സിൽവർലൈൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും മതിയായ അംഗീകാരം ലഭിക്കുന്നതിനും വേണ്ടി സംസ്ഥാന മുഖ്യമന്ത്രി 13.07.2021 ന് പ്രധാന മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ കേരളത്തിന്റെ അഭിമാന പദ്ധതിയായ സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽ പാത) ആയിരുന്നു പ്രധാന അജണ്ടയായി വന്നിട്ടുള്ളത്. സിൽവർലൈൻ പദ്ധതിയുടെ അന്തിമാനുമതി വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി 28.05.2021 ലും 06.12.2021 ലും ബഹു. പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു. ഇതുകൂടാതെ വകുപ്പ് തലത്തിലും ദക്ഷിണ റെയിൽവേ ജനറൽ മാനേജർക്കും റെയിൽവേ ബോർഡ് ചെയർമാനും കത്തിടപാടുകൾ ഇതുമായി ബന്ധപ്പെട്ട് നടത്തിവരുന്നുണ്ട്. ഇന്ത്യൻ റെയിൽവേയുമായി ബന്ധപ്പെട്ട ഒട്ടുമിക്ക നിർമ്മാണ പ്രവർത്തനങ്ങളും അതത് സോണൽ റെയിൽവേയുടെ ഭരണപരിധിയിലാണ് വരുന്നത്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. പാത ഇരട്ടിപ്പിക്കൽ പദ്ധതികളിൽ തിരുവനന്തപുരം - കന്യാകുമാരി, എറണാകുളം - കായംകുളം എന്നീ പദ്ധതികൾ കൂടി പൂർത്തീയാകുന്നതോടു കൂടി കൂടുതൽ ട്രെയിനുകൾ ഓടിക്കുവാൻ സാധിക്കുകയും യാത്രാക്ലേശം ഒരു പരിധി വരെ കുറയ്ക്കുവാൻ സാധിക്കുകയും ചെയ്യും. |
| (ബി) | ആവശ്യത്തിന് തുക അനുവദിക്കാതിരുന്നതും കഴിഞ്ഞവർഷം അനുവദിച്ച തുകയുടെ പത്ത് ശതമാനം മാത്രം വിനിയോഗിച്ചതും മൂലം റെയിൽവേ വികസനത്തിൽ സൃഷ്ടിക്കപ്പെട്ട സ്തംഭനാവസ്ഥയ്ക്ക് പരിഹാരം കാണണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുമോ; | (ബി) | റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനം ത്വരിതപ്പെടുത്തുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സംസ്ഥാന മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിയുമായും, സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും, നിരന്തര ചർച്ചകൾ നടത്തി വരികയാണ്. |
| (സി) | ശബരി റെയിൽ പാതയ്ക്ക് കേന്ദ്ര ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; നേമം, കൊച്ചുവേളി സ്റ്റേഷനുകളുടെ വികസനം, എറണാകുളം- | (സി) | ദക്ഷിണ റെയിൽവേ 2022-23 പിങ്ക് ബുക്ക് പ്രകാരം ശബരി റെയിൽവേ പദ്ധതിക്ക് കേന്ദ്ര ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് |

| | | | |
|---|---|---|---|
| | ഷൊർണ്ണൂർ മൂന്നാം പാത, ഗുരുവായൂർ-തിരുനാവായ പാത തുടങ്ങി ഏറെ മുമ്പ് പ്രഖ്യാപിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | | വകയിരുത്തിയിട്ടുള്ളത്. 1)നേമം: മാസ്റ്റർ പ്ലാൻ പ്രകാരമുള്ള ഇരട്ടിപ്പിക്കലിന്റെ ഭാഗമായുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. നേമത്ത് 116.57 കോടി രൂപ മുതൽമുടക്കിൽ പുതിയ കോച്ചിംഗ് സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് റെയിൽവേ ബോർഡിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. റെയിൽവേയിൽ നിന്നും ഫണ്ട് അനുവദിച്ചാൽ മാത്രമേ തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. 2)കൊച്ചുവേളി:-രണ്ട് പ്ലാറ്റ്ഫോമുകളുടെ വിപുലീകരണം, രണ്ട് കോച്ചിംഗ് ലൈനിന്റെ നിർമ്മാണം, ഒരു സ്റ്റെബ്ലിംഗ് ലൈൻ, സിഗ്നലിംഗ് ആവശ്യത്തിന് കെട്ടിടം നൽകൽ എന്നിവ കോച്ചിംഗ് സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ ആസൂത്രണം ചെയ്ത പ്രവൃത്തികളാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളെല്ലാം തന്നെ നിലവിൽ നടന്നു കൊണ്ടിരിക്കുന്നു. ട്രാക്ക് സ്ഥാപിക്കൽ ജോലികൾ പൂർത്തിയായി. കെട്ടിട നിർമ്മാണം, ടെക്നിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കൽ, ഉൾപ്പെടെയുള്ള പ്രവർത്തനം നടന്നു വരികയാണ്. 2022-23 ബജറ്റിൽ തുക അനുവദിച്ചാൽ 2023 മാർച്ച് 31 നകം പ്രവർത്തനം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് റെയിൽവേ അധികൃതർ അറിയിച്ചിട്ടുള്ളത്. എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാത, ഗുരുവായൂർ-തിരുനാവായ പാത - ഇവ സംബന്ധിച്ച പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ